Malayala Manorama 27/04/'22

കേന്ദ്രകൃഷി മന്ത്രാലയത്തിന്റെ ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി കാസർകോട് സിപിസി ആർഐയിൽ സംഘടിപ്പിച്ച കിസാൻമേളയിൽ നിന്ന്. ചിത്രം: മനോരമ

ആസാദി കാ അമൃത്: കിസാൻമേള നടത്തി

മൊഗ്രാൽപുത്തൂർ ● കേന്ദ്രകൃഷി മന്ത്രാലയത്തിന്റെ ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായുള്ള കിസാൻമേള നടത്തി. എൻ.എ.നെല്ലിക്കുന്ന് എംഎൽഎ ഉദ്ഘാടനം ചെയ്തു.

കാർഷിക പ്രദർശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ചവരെയും സംസ്ഥാന കർഷക പുരസ്കാര ജേതാക്കളെയും ആദരിച്ചു.

മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ടി.കെ.സമീറ, സിപിസിആർഐ ഐസിഎആർ ഡയറക്ടർ ഡോ.അനിതകരുൺ, പ്രിൻസിപ്പൽ കൃഷി ഓഫിസർ ആർ.വിണാറാണി, നിലേശ്വരം കൃഷി ഓഫിസർ കെ.എ.ഷിജോ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.സി.തമ്പാൻ, ആത്മ പ്രൊജക്ട് ഡയറക്ടർ ടി.സുശീല, ഡോ.ടി.എസ്.മനോജ്കുമാർ എന്നിവർ പ്രസംഗിച്ചു.